പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5206 — 27.6.2019 ൽ മറുപടിയ്ക്ക്

## മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി സമഗ്ര പാക്കേജ്

ചോദ്യം — മറുപടി

ശ്രീ.അനൂപ് ജേക്കബ് — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി ഘട്ടം ഘട്ടമായി എയ്ഡഡ് ആക്കി മാറ്റാൻ നടപടികൾ സ്വീകരിയ്ക്കാതിരിക്കുകയും മുൻപ് നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് നടപ്പാക്കുമെന്ന സർക്കാർ ഉറപ്പ് പാലിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് 9.2.2016 ലെ സ.ഉ(എം.എസ്) 38/2016/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. 1.1.2016 മുതൽ 30.4.2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച് മന്ത്രിസഭാ ഉപസമിതി ഈ വിഷയം പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. മാനസികവെല്ലുവിളി നേരിടുന്നവരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.2017 തീയതിയിൽ കൂടിയ യോഗ തീരുമാന പ്രകാരം മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് തയ്യാറാക്കുകയും തുടർന്ന് 9.8.2018 തീയതിയിൽ ബഹു:മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ പ്രസ്തുത പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു.<br><br>ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9.8.2018 ൽ ചേർന്ന യോഗത്തിൽ ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധനവകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടി ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖ ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തോടെ ബഹു:മുഖ്യമന്ത്രിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. |

| | |
|---|---|
| | ഇതിനോടനുബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20.6.2019 ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ ആലോചനായോഗം നടന്നു. ഈ യോഗത്തിന്റെ തീരുമാനങ്ങൾക്കു വിധേയമായി ടി സമഗ്ര പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ